## 11. പരിശ്രമിക്കുക

പരിശ്രമിച്ചെങ്കിൽ മാത്രമേ നമുക്ക് വിജയം
കിട്ടുകയുള്ളൂ. പരിശ്രമിക്കാതെ
ഒരു നേട്ടവും ഉണ്ടാവുകയില്ല. ടിൻറുവിനെ നോക്കൂ.

നല്ല കൗശലവും സ്നേഹവുമുള്ള വളർത്തുനായയാണ് ടിൻറു. അവനെ കണ്ണുവെട്ടിച്ചു ആർക്കും ആ പറമ്പിലേക്ക് കയറാൻ സാധിക്കുകയില്ല. കള്ളന്മാരെ അവൻ പലതവണ വിരട്ടി ഓടിച്ചിട്ടുണ്ട്. ടിൻറുവിനോളം പ്രശസ്തിയുള്ള ഒരു വളർത്തുനായ ആ നാട്ടിൽ ഉണ്ടായിരുന്നില്ല.



ആ വീട്ടിലെ കോഴികളും അയൽവീട്ടിലെ പട്ടിയുമൊക്കെ അവൻെറ ചങ്ങാതിമാരായിരുന്നു. അവർക്ക് അവനോടും വലിയ ഇഷ്ടമാണ്.

ആ പറമ്പ് നിറയെ കീരികളായിരുന്നു. അവ കോഴികളെ പിടികൂടാൻ പാത്തും പതുങ്ങിയും വരും. ടിൻറുവിൻെറ നിഴലെ ങ്ങാനും കണ്ടാൽ മതി അവ ഓടിയൊളിക്കും. അവൻ അവയുടെ പിന്നാലെ ഓടി അവയുടെ മാളത്തിനു പരിസരത്ത് കുറേ നേരം കാവൽ ഇരിക്കും. പക്ഷേ, എങ്ങനെ കിട്ടാൻ?

ഒരു ദിവസം കോഴികൾ പറമ്പിൽ ചിക്കിപ്പൊറുക്കുകയായി രുന്നു. ഒരു കീരി മെല്ലെ അവയുടെ അടുത്തുവന്നു. അതറിഞ്ഞ കോഴികൾ അലറിവിളിച്ചു. ടിൻറു ഓടിവന്നു. അതോടെ കീരി ഓട്ടം തുടങ്ങി.

കീരിയെ അതിൻെറ മാളത്തിലേക്ക് പോകാൻ ടിൻറു അനുവദിച്ചില്ല. കീരി ഓടി തൈമാവിൽ കയറിക്കൂടി. ടിൻറു അതിനു നേരെ കുറേ ചാടി. എത്തുന്ന ദൂരത്തായി രുന്നില്ല കീരി ഇരിപ്പുറപ്പിച്ചിരുന്നത്.

കീരി ഇറങ്ങുന്നതും കാത്ത് ടിൻറു താഴെ കിടന്നു. നായ പോകുന്നതും കാത്ത് കീരി മരത്തിൽ തന്നെ തങ്ങി.



ഏറെ നേരം കഴിഞ്ഞു. കീരി താഴെയിറങ്ങുന്ന ലക്ഷ ണം കാണുന്നില്ല. ഒടുവിൽ ടിൻറു അയൽവീട്ടിലെ പട്ടി യെ വിളിച്ചു. പട്ടി ഓടിവന്നു. ടിൻറു കീരിയെ ചൂണ്ടിക്കാ ണിച്ച് പട്ടിയോട് പറഞ്ഞു:

“യജമാനന് വേണ്ടി ഒരു കീരിയെയെങ്കിലും പിടിച്ചി ല്ലെങ്കിൽ കുറച്ചിലാണ്. നീ എന്നെ സഹായിക്കണം.”

“എങ്ങനെ?”

“ഞാൻ താഴെ നിൽക്കാം. നീ എൻെറ മുതുകിൽ ചവിട്ടിക്കയറി കീരിയെ ചാടിപ്പി ടിക്കണം.”

“ശരി.”

ടിൻറു തൈമാവിന് താഴെ നിന്നു. ഉടനെ പട്ടി ടിൻറു പറഞ്ഞതുപോലെ അവൻെറ മുതുകിൽ കയറി ഒറ്റച്ചാട്ടം. കീരി അത്രയും പ്രതീക്ഷിച്ചിരുന്നില്ല. അത് താഴെക്ക് ചാടു ന്നതിന് മുമ്പായി പട്ടി അതിനെ പിടിച്ചുകഴിഞ്ഞിരുന്നു.

കീരിയെ കടിച്ചുമുറിച്ച ശേഷം ടിൻറു അതിനെ കോഴികളുടെ മുമ്പിലിട്ടിട്ട് പറഞ്ഞു: “ഇതാ, നിങ്ങളുടെ ശത്രു. കൊത്തിക്കോളൂ.” കോഴികൾ അതിനെ ആഞ്ഞു കൊത്തി.

*എല്ലാ കാര്യത്തിനും നാം നന്നായി പരിശ്രമിക്കുക. പൊതുനന്മയിൽ പരസ്പരം സഹകരിക്കു കയും ചെയ്യുക.*